കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഏലംകുളം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. K.S.A.M.P.M .11/3265/2016

കേരള സംസ്ഥാന ഓഡിററ് വകുപ്പ്

സീനിയർ ഡപ്യൂട്ടി ഡയറക്ടറുടെ

കാര്യാലയം

മലപ്പുറം ജില്ല

തീയതി 22.12.2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)

എലംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എലംകുളം ഗ്രാമപഞ്ചായത്ത് - 2015-16. സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.എം.പി.എം.11/3265/2016 തിയ്യതി 22.12.2016

## മലപ്പുറം.ജില്ലയിലെ ഏലംകുളംഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം.ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 10.7.2016 മുതൽ 6.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും

ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ഷാജഹാൻ.എ.എസ്. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 07.11.2016മുതൽ 18.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.നസ്സീർ.ടി.കെ | അസി.ഓഡിററ്ഓഫീസർ |
| | | ശ്രീ.ഷാജഹാൻഖുറൈശി | സീനിയർഗ്രേഡ്ഓഡിററർ |
| | | ശ്രീ.ഷജീർ.കെ | ഓഡിററർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.സി.കുഞ്ഞിരാമൻ | 1.4.2015മുതൽ10.11.2015വരെ |
| | | എക്സിക്യൂട്ടീവ് സമിതി | 1.11.2015മുതൽ18.11.2015വരെ |
| | | ശ്രീമതി.കെ.ആയിഷ | 19.11.2015മുതൽ31.3.2016വരെ |
| സെക്രട്ടറി | : | ശ്രീ.ഹരിദാസൻ.കെ (അസി.സെക്രട്ടറി ഇൻ ചാർജ്) | 1.4.2015 മുതൽ 28.7.2015 വരെ |
| | | ശ്രീ.ഹരിദാസൻ.കെ | 29.7.2015 മുതൽ31.8.2015വരെ |
| | | ശ്രീ.ലില്ലി.പി.ആൻഡ്രൂസ് (അസി.സെക്രട്ടറി ഇൻ ചാർജ്) | 01.9.2015മുതൽ02.12.2015വരെ |
| | | ശ്രീ.രാമൻകുട്ടിവാര്യർ | 03.12.2015മുതൽ31.3.2016വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അ.സി.സെക്രട്ടറി | | ശ്രീ.ഹരിദാസൻ.കെ ഒഴിവ് | 01.4.2015മുതൽ 28.7.2015വരെ 29.7.2015 മുതൽ 20.8.2015 വരെ |
| ടി- | | ശ്രീ.ലില്ലി.പി.ആൻഡ്രൂസ് | 21.8.2015മുതൽ 31.3.2016വരെ |
| അസി.എൻജിനിയർ | | ശ്രീ.മനോജ്.കെ.ജി | 01.4.2015മുതൽ 10.8.2015വരെ |
| ടി- | | ശ്രീമതി.ഷൈനിബേബി | 11.8.2015മുതൽ 31.3.2016വരെ |
| വെററിനറിസർജ്ജൻ | | ശ്രീ.പ്രകാശൻ.എ.വി | 01.4.2015മുതൽ 31.3.2016വരെ |
| കൃഷിഓഫീസർ | | ശ്രീമതി.ശ്രീരേഖ | 01.4.2015മുതൽ 31.3.2016വരെ |
| മെഡിക്കൽഓഫീസർ | | ഡോ.റെനിൽരാജ് | 01.4.2015മുതൽ 31.3.2016വരെ |
| വി.ഇ.ഒ | | ശ്രീ.സാജൻ | 01.4.2015മുതൽ 31.3.2016വരെ |
| ഹെഡ്മാസ്ററർ | | ശ്രീ.അബ്ദുൾ അലി | 01.4.2015 മുതൽ29.2.2016വരെ |
| | | ശ്രീ.സത്യനാരായണൻ | 30.2.2016 മുതൽ31.3.2016വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-1 |
| 13 | ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ | 2-2 |
| | ഭാഗം-3 | |
| 14 | റോഡ് പ്രവൃത്തി-പൂർത്തികരണ സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച് | 3-1 |
| 15 | മെയിൻറനൻസ് ഗ്രാൻറ് വകമാററിച്ചെലവഴിച്ചു. | 3-2 |
| 16 | സമഗ്ര വിദ്യാഭ്യാസ പദ്ധതി -എസ്.എസ്.എ യുടെ ആവർത്തനം-ചെലവ് അംഗീകരിക്കുന്നില്ല | 3-3 |
| 17 | റോഡ് കോൺക്രീററ് -പരിധിയിൽ കവിഞ്ഞ കനം അ നുവദിക്കുന്നത് സംബന്ധിച്ച് | 3-4 |
| 18 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് വിതരണം ചെയ്തില്ല | 3-5 |
| 19 | ഡപ്പോസിററ് പ്രവൃത്തിവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-6 |
| 20 | കൺവീനർ പ്രവൃത്തികൾ -ധനവിനിയോഗരേഖകളിൽ സുതാര്യതയില്ല | 3-7 |
| 21 | റോഡ് പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് മററ് പ്രവൃത്തിക്ക് ഉപയോഗിക്കുകയോ,വിനിയോഗം കാണിക്കുകയോ ചെയ്തിട്ടില്ല | 3-8 |
| 22 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ ഇൻസ്ററലേഷൻ സർട്ടിഫിക്ക ററ് ഹാജരാക്കിയില്ല. | 3-9 |
| 23 | ഇലട്രോണിക്ക് സാധനങ്ങൾ,ഫർണ്ണിച്ചർ എന്നിവയ്ക്ക നമ്പറിംഗ് നടത്താത്തത് സംബന്ധിച്ച്ല് | 3-10 |
| 24 | ആശ്രയ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച് | 3-11 |
| 25 | ശുചിത്വമിഷൻ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച് | 3-12 |
| 26 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് സംയുക്തപരിശോധന നടത്തി ക്രമീകരിക്കണം | 3-13 |
| 27 | എസ്.സി വിദ്യർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം-രേഖകൾ പൂർണ്ണമല്ല | 3-14 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31` | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക | 4-7 |
| 35 | ഓഡിററ് പ്രത്യവലോകനം | 4-8 |
| 36 | മുൻഓഡിററ് റിപ്പോർട്ട്കളുടെ വിവങ്ങൾ | 4-9 |
| | അനുബന്ധം | |
| 37 | ഓഡിററ് സർട്ടിഫിക്കറ്റ് | 1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 26.3.2015തിയതിയിലെ 1-ാം നമ്പർതീരുമാന പ്രകാരം അംഗീകരിച്ചു.

ബജററ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം ചുവടെ

| ഇനം | പ്രതീക്ഷച്ച വരവ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)(-) |
| മുന്നിരിപ്പ് | 5627481 | 22395836 | - | 16768355 | |
| വരവ് | 88318850 | 33120732 | 55198118 | - | |
| ആകെ | 93946331 | 55516568 | 38429763 | - | |
| ചെലവ് | 87955550 | 42560197 | 45395353 | - | |
| നിക്കിയിരിപ്പ് | 5990781 | 12956371 | | 6965590 | |

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 29.6.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 07.11.2016 | - |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1.A.C.R പ്രകാരമുള്ള വരവുകളും A.F.S പ്രകാരമുള്ള വരവുകളും പൊരുത്തപ്പെടുന്നില്ല

2.D.B.T പ്രകാരമുള്ള പെൻഷൻ വിതരണം A.F.S ൽ ഉൾപ്പെടുത്തിയിട്ടില്ല

3.വസ്തുനികുതി സംക്ഷിപ്തം,ഡിമാൻറ് രജിസ്ററർ എഴുതി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ല

4.ബാലൻസ് ഷീററിലെ അഡ്വാൻസ്,ഡപ്പോസിററ് തുകകൾ രജിസ്ററുമായി പൊരുത്തപ്പെടുന്നില്ല

5.നിർജ്ജീവമായ അക്കൗണ്ടുകൾ CLOSE ചെയ്തിട്ടില്ല

6.ബാലൻസ് ഷീററിലെ വർഷാവസാന മിച്ച/നഷ്ട തുക (SHEDULE-B-1)കണക്കാക്കിയത് മുൻ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

7.പാർട്ട് ബില്ലുകൾ നൽകുയിട്ടുള്ള വയുടെ ഫൈനൽ ബില്ല് നൽകി തുക ക്രമീകരിച്ചിട്ടില്ല.(ഈ ഇനത്തിൽ (Capital work in progress)4240900/-രൂപ ക്രമീകരിച്ചിട്ടില്ല

8.തൻവർഷത്തേ അടക്കമുള്ള മുഴവൻ ആസ്തികളും തിട്ടപ്പെടുത്തി ബാലൻസ് ഷീററിൽ ഉൾപ്പെടുത്തിയിട്ടില്ല

9.നിർവ്വഹണോദ്യോഗസ്ഥർ ഒടുക്കുന്ന VAT.IT,W.F എന്നിവ A.F.S ൽ ഉൾപ്പെടുത്തിയിട്ടില്ല

10.മുൻ വർഷത്തെ (2014-15) വാർഷിക കണക്കുളിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 22395836 |
| വരവ് | 33120732 |
| ആകെ | 55516568 |
| ചെലവ് | 42560197 |
| നീക്കിയിരിപ്പ് | 12956371 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് (lapsed) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3326031 | 7647584 | 4707337 | 15680952 | 11206776 | 4474176 | 71.47 |
| വികസനഫണ്ട് എസ്.സി.പി. | 3593533 | 8565425 | (-) 2879425 | 9279533 | 7199450 | 2080083 | 77.58 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 1376362 | 3287171 | | 4663533 | 4663533 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 756741 | 2464000 | | 3220741 | 2565694 | 655047 | 79.66 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 794646 | 4030643 | (-)882912 | 3942377 | 3942377 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 2600571 | 945000 | (-) 945000 | 2600571 | 2599526 | 1045 | 99.96 |
| എം.എൻ.ആർ.ഇ.ജി.എസ്. | 27005 | 213304 | | 240309 | 240111 | 198 | |
| ബി ഫണ്ട് | 0 | 250400 | | 250400 | 250400 | 0 | 100% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 41757341 | 137 | 34223441 | 13 | 6 | 96% |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.8ശതമാനം കുറവ്ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3941347 | 2724915 | (-)1216432 | (_)30% |
| നികുതിയേതര വരവുകൾ | 300499 | 1211032 | (+)910533 | (+)300% |
| മറ്റുവരവുകൾ | 202760 | 111934 | (-)90826 | (-)44% |
| ആകെ | 4444606 | 4047881 | (-)396725 | (-)8% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 170400 | 103 |
| കർഷകതൊഴിലാളി പെൻഷൻ | 3667560 (D.B.T) | 463 |
| വിധവാപെൻഷൻ | 10394960(D.B.T) | 1090 |
| വാർദ്ധക്യകാലപെൻഷൻ | 7046190 (D.B.T) | 1219 |
| വികലാംഗപെൻഷൻ | 2651905(D.B.T) | 298 |
| 50 വയസ്സിന് മുകളിലുള്ളവർക്ക ധനസഹായം | 1072560(D.B.T) | 101 |

വിവിധ ക്ഷേമ പദ്ധതികളുടെ കാര്യപ്രാപ്തി

| ക്ഷേമപദ്ധതിയുടെ പേര് | തൻവർഷം ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത സമയത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടങ്കിൽ പരിഹാര മാർഗം |
|---|---|---|---|---|
| തൊഴിൽരഹിത വേതനം | 16 | 13 | 3 | |
| കർഷകതൊഴിലാളി പെൻഷൻ | 27 | 26 | 1 | |
| വിധവാപെൻഷൻ | 71 | 71 | 0 | |
| വാർദ്ധക്യകാലപെൻഷൻ | 68 | 66 | 2 | |
| വികലാംഗപെൻഷൻ | 32 | 25 | 7 | |
| 50 വയസ്സിന് മുകളിലുള്ളവർക്ക ധനസഹായം | 5 | 5 | 0 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.11.2016 ന്സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ടഉദ്യോഗസ്ഥന്റെസാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13046/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തിസംരക്ഷണം,-അപാകതകൾ ഇല്ല

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-കാര്യക്ഷമമല്ല

,മേൽ നോട്ടം -കാര്യക്ഷമല്ല

,ഫ്രണ്ട് ഓഫീസ്-അടിസ്ഥാന സൗകര്യമില്ല

പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-കാര്യക്ഷമമാണ്

ഓഫീസ് യോഗങ്ങൾ-കാര്യക്ഷമാണ്

,ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ-അപാകതയില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.9.2016 | 7/2016 | 15.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.2009-9.11.2009 | 2004-05 to 2008-09 | 11.12.2009 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും, അർദ്ധവർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഒരു വ്യക്തി ഒരു അർദ്ധവർഷം ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ജോലി ചെയ്യുമ്പോൾ ഒരു സ്ഥാപനത്തിൽ നികുതി അടച്ചാൽ ആ അർദ്ധവർഷം അയാൾ ആ സ്ഥാപനത്തിൽ അടക്കേണ്ട നികുതിയും അടച്ച നികുതിയും തമ്മിലുള്ള വ്യത്യാസം രണ്ടാമത്തെ സ്ഥാപനത്തിൽ അടക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാർ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

| പേര് | സ്ഥാപനം | തസ്തിക | അർദ്ധ വർഷം | റിമാർക്സ് | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| ഡോ. ഹുസൈൻ അബ്ബാസ് | അലിഗർ മുസ്ലിം യൂണിവേഴ്സിറ്റി ഓഫ് ക്യാമ്പസ്, | അസി. പ്രൊഫസർ | 2015-16 രണ്ടാം | Relieved on 31.5.2015 | അർദ്ധ വാർഷിക വരുമാനം |

| | | | | | |
|---|---|---|---|---|---|
| | മലപ്പുറം | | | | അനുസരിച്ച് |
| നജ്മത്തുലൈൽ | “ | അസി. പ്രൊഫസർ | 2015-16 രണ്ടാം | Relieved on 31.5.2015 | “ |
| ഡോ.സിനു ജോൺ | “ | അസി. പ്രൊഫസർ | 2015-16 രണ്ടാം | Relieved on 31.5.2015 | “ |
| സുഹൈബ് അഹമ്മദ് | “ | അസി. പ്രൊഫസർ | 2015-16 രണ്ടാം | Relieved on 31.5.2015 | “ |
| മുഹമ്മദ് ആദിൽ | “ | അസി. പ്രൊഫസർ | 2015-16 രണ്ടാം | Relieved on 31.5.2015 | “ |
| ബബിദ ആൻ ജോസഫ് | ,,” | അസി. പ്രൊഫസർ | 2015-16 രണ്ടാം | Relieved on 31.5.2015 | ,,” |
| നെസി മോൾ | ,,” | അസി. പ്രൊഫസർ | 2015-16 രണ്ടാം | Relieved on 31.5.2015 | ,,” |

## 2-2 ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

1. ലൈസൻസ് ഫീ ഇനത്തിലെ വരവ് വർഷം തോറും കുറഞ്ഞ് വരുന്ന പ്രവണതയാണ് കാണുന്നത്. 2013-14 വർഷത്തിൽ ലൈസൻസ് ഫീ ഇനത്തിലെ വരവ് മുൻ വർഷത്തേക്കാൾ 13 ശതമാനം വർദ്ധിച്ചിരുന്നു. എന്നാൽ പിന്നീട് 2014-15, 2015-16 വർഷങ്ങളിൽ ഇത് യഥാക്രമം 22 ഉം 4 ഉം ശതമാനം കുറവാണ് കളക്ഷൻ വന്നിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കുന്നതിന് ഫീൽഡ് പരിശോധന നടത്താറില്ലെന്ന് ബോധ്യപ്പെട്ടു. ഫീൽഡ് പരിശോധന നടത്തി അനധികൃത വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതുമാണ്.

2. 2015-16 വർഷത്തെ ചില അപേക്ഷകളിൽ ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല. ദിവസ വിറ്റുവരവോ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ പവറോ രേഖപ്പെടുത്താത്ത അപേക്ഷകളിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമല്ല. അപേക്ഷകളിൽ ഇത്തരം അത്യാവശ്യ വിവരങ്ങളെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പിക്കേണ്ടതുമാണ്.

3. അപേക്ഷകളിൽ പ്ലാസ്റ്റിക് നിരോധന- സ്ഥല നാമ സാക്ഷ്യപത്രം ഇല്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് പ്രവർത്തി-പൂർത്തികരണ സമയം ദീർഘിപ്പിച്ചതിന്ന് ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്

മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ സമയം ദീർഘിപ്പിച്ചു കൊടുക്കുന്ന സംഗതികളിൽ ജി.ഒ. (പി) 13/2012/PWD/01.02.2012 (പുതുക്കിയ പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012- സെക്ഷൻ 2112) പ്രകാരം കരാറുകാരന്റെ / കൺവീനറുടെ പിഴവ് മൂലം (പൊതുമരാമത്ത് വകുപ്പ് മാന്വൽ ചട്ടം കൺവീനർക്കും ബാധകമാണ്)ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ എ.ഇ മുഖേന അപേക്ഷ നൽകി പഞ്ചായത്ത് ഭരണ സമിതി അംഗീകാരം വാങ്ങി ഫൈൻ ഈടാക്കിക്കൊണ്ട് ദീർഘിച്ചു നൽകാവുന്നതാണ് .പരിശോധനയിൽ അത്തരത്തിൽ അപേക്ഷിക്കുകയോ സമിതി അംഗീകാരം വാങ്ങിക്കുകയോ ചെയ്യാതെ പൂർത്തികരണ സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1.പ്രവൃത്തി-നെല്ലിയാംകുന്ന് റോഡ് കോൺക്രീററ് (പ്രോ-91/16)

കൺവീനർ-ശ്രീവാസുദേവൻ അടങ്കൽ -300000/-

എംബുക്ക് -3/10-11 എഗ്രിമെൻറ് നം-45/2009-10/2.2.2010

വൗച്ചർ നം -31/15-16/15.10.15 (ഫൈനൽ ബിൽ)

പൂർത്തികരണ തീയ്യതി -31.3.2010(എഗ്രിമെൻറ് പ്രകാരമുള്ളത് )

യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയ്യതി-16.6.2015 (അവസാന ചെക്ക് മെഷർ )

ഫൈൻ ഈടാക്കേണ്ടത്

1.4.2010 to 30.06.2010 ---300000x1% -3000

1.7.2010 to 30.09.2010 ----300000x2% -6000

1.10.2010 to 31.12.2010 ----300000x2% -6000

01.01.2011 to 31.03.2011 ----300000x2% -6000

01.04.2011 to 30.06.2011 ----300000x2% -6000

01.07.2011 to 30.09.2011 ----300000x2% -6000

01.10.2011 to 31.12.2011 ----300000x2% -6000

01.01.2012 to 31.03.2012 ----300000x2% -6000

01.04.2012 to 30.06.2012 ----300000x2% -6000
01.7.20102 to 30.09.2012 ----300000x2% -6000

01.10.2012 to 31.12.2012 ----300000x2% -6000

01.01.2013 to 31.03.2013 ----300000x2% -6000

01.4.2013 to 30.06.2013 ----300000x2% -6000

01.7.2013 to 30.09.2013 ----300000x2% -6000

01.10.2013 to 31.12.2013 ----300000x2% -6000

01.01.2014 to 31.03.2014 ----300000x2% -6000

01.4.2014 to 30.06.2014 ----300000x2% -6000

01.7.2014 to 30.09.2014 ----300000x2% -6000

01.10.2014 to 31.12.2014 ----300000x2% -6000

01.01.2015 to 31.03.2015 ----300000x2%- --6000

1.4.2015 to 16.06.2015 ----300000x2% x75/90= -5000

ആകെ------122000/-രൂപ

ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം പി.ഡബ്ല്യൂ.ഡി ചട്ടങ്ങൾ കൺവീനർ പ്രവൃത്തികൾക്ക് ബാധകമാണെന്നും ,ഒരു പ്രോജകിന്റെ പരമാവധി കാലാവധി 3 വർഷമാണെന്നും ഈ പ്രോജകിൻറ കാര്യത്തിൽ പരിഗണിച്ചിട്ടില്ല . തുക കൺവീനറിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-2 മെയിൻറനൻസ് ഗ്രാൻറ് വകമാററിച്ചെലവഴിച്ചു.

താഴെപ്പറയുന്ന പ്രോജക്ടുകൾ മെയിൻറനൻസ് (റോഡിതരം) ഗ്രാൻറ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തിയിട്ടുളള വയാണ്. പരിശോധനയിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് നിർവ്വഹണം നടത്തിയത് എന്ന് കാണുന്നു. വിശദവിവ
രം ചുവടെ ചേർക്കുന്നു.

1.ശ്മശാനം ജനറേറർ ഷെഡ്ഡ് സൗകര്യംഏർപ്പെടുത്തൽ

പ്രോജക്ട് നം -92/15-16 അടങ്കൽ -187500

ചെലവ് ബിൽ നം 33/15-16/26.1.16 തുക -187000

2.നെച്ചിത്തടം കോളനി വർക്കിങ്,ഷെഡ്ഡ്പുനരുദ്ധാരണം

പ്രോജക്ട് നം -165/15-16 അടങ്കൽ -450000

ചെലവ് ബിൽ നം- 80/15-16/30.3.16 തുക -346216

ബിൽ നം- 55/15-16/10.2.16 തുക -100000

മെയിൻറനൻസ്ഗ്രാൻറ് (റോഡിതരം ) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമേ വിനിയോഗിക്കാവൂ എന്ന് സർക്കാർഉത്തരവ്GO(MS)330/2004 /LSGD/9.12.2004,GO(MS)300/2010/LSGD/10.12.10 എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട് ആയതിന്ന് വിരുദ്ധമായി സർക്കാർ അനുമതി വാങ്ങാതെ നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല .ഇതിൽ ക്രമനംമ്പർ (2) പ്രോജക്ട് പ്രകാരമുള്ള കെട്ടിടം ബ്ലോക്ക് പഞ്ചായത്തിൻറ ആസ്തിയാണ് .പരിശോധനയിൽ ഈ കെട്ടിടം ആരും ഉപയോഗിക്കുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടു. കൈമാറിക്കിട്ടിയിട്ടില്ലാത്ത കെട്ടിടങ്ങളുടെ അററകുററപ്പണിയ്ക്ക് മെയിൻറനൻസ്ഗ്രാൻറ് (റോഡിതരം ) ഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല തുക തടസ്സപ്പെടുത്തുന്നു. അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

## 3-3 സമഗ്ര വിദ്യാഭ്യാസ പദ്ധതി -എസ്.എസ്.എ യുടെ ആവർത്തനം-ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണം-ഹെഡ്മാസ്റ്റർ

| പ്രോജക്ട്നം. | അടങ്കൽ | ചെലവ് | ബിൽ/ഡി.ഡി |
|---|---|---|---|
| 6/15-16 | 50000 | 50000 | A1-4/15-16/30.3.16 |

ചെലവ് വിവരം

| ഐറ്റം | ചെലവ് |
|---|---|
| കായികമേള | 10000 |
| കലാമേള | 15000 |
| പ്രവർത്തിപരിചയമേള | 18000 |
| അദ്ധ്യാപക സംഗമം | 7000 |
| ആകെ | 50000 |

മാർഗ്ഗ രേഖ GO(MS)362/2013/LSGD/16.11.13 പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള എൽ.പി,യു.പി (ഹൈസ്കൂൾ ഇല്ലാത്തവ) സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്ന്

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ത.സ്വ. ഭ. സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ചെലവഴിക്കാൻ മാർഗ്ഗ രേഖയിൽ വ്യവസ്ഥയില്ലാത്ത പ്രവേശനോത്സവം. ഭക്ഷണം,പഠനോപകരണം ,സ്റ്റേഷനറി ,കലാ കായിക മേള തുടങ്ങിയവ നിർവ്വഹണം നടത്താൻ എസ്.എസ്.എ ക്ക് പ്രതിവർഷം പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിവരുന്നതിനാൽ അവരുടെ സഹകരണത്തോടുകൂടി മാത്രമേ ഇത്തരം പദ്ധതികൾ നടപ്പിലാക്കാവൂ. അപാകത ചൂണ്ടിക്കാണിച്ച് ഹെഡ്മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി - 3/9-11-2016 ന് മറുപടി നൽകിയിട്ടില്ല. .മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതെ ചെലവഴിച്ച 50000/-രൂപ നിർവ്വഹണോദ്ധ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 റോഡ് കോൺക്രീററ് -പരിധിയിൽ കവിഞ്ഞ കനം അ നുവദിക്കുന്നത് സംബന്ധിച്ച്

സാമ്പത്തിക വർഷത്തിൽ റോഡുകൾക്ക് ടാറിങ് നടത്തുന്നതിലുപരി കോൺക്രീററിങ് നടത്തുന്നതിലാണ് പഞ്ചായത്ത് താത്പര്യം കാണിച്ചിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവർത്തികളിലും 15 സെ.മി ക്വാറി മക്ക് 10 സെ.മി 1:4:8 കോൺക്രീറ്റ് 10 സെ.മി 1:2:4 കോൺക്രീറ്റ് അടക്കം 35 സെ.മി കനം ആണ് അനുവദിച്ചിട്ടുള്ളത്. സൈററ് കണ്ടീഷൻ അനുസരിച്ച് പ്രത്യേക സാഹചര്യത്തിൽ മാത്രം ക്വാറിമക്ക് ഉപയോഗിക്കാം എന്നിരിക്കേ എല്ലാ പ്രവൃത്തികളിലും അത് അനുവദിച്ചിട്ടുള്ളത് സംശയാസ്പദമാണ്. ഇത് പഞ്ചായത്തു ഫണ്ടിന്റെ പാഴ് ചെലവിനു കാരണമായിട്ടുണ്ട്.

ഉദാഹരണം

1.നെല്ലിയാംകുന്ന് റെയിൽവേ റോഡ് കോൺക്രിററ് (പ്രോജക്ട് നം-49/15-16)

അടങ്കൽ -500000/- കൺവീനർ -അർജ്ജുനൻ

എംബുക്ക് -41/14-15 വൗച്ചർ -28/15-16

ബിൽ നം -9/13-14/18.10.2013

പ്രവർത്തി വിവരം

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 4 | ക്വാറിമക്ക് (15CM) | 40.5 എം3 | 719/എം3 | 28797 |
| 5 | 1:4:8 (10CM) | 28.35 എം3 | 4355/എം3 | 123464 |
| 6 | 1:2:4 (10CM) | 28350 dm3 | 63/dm3 | 178605 |

ഇത്തരത്തിൽ എല്ലാ കോൺക്രിററ് പ്രവർത്തികളിലും ഈ രീതിയിലുള്ള എസ്റ്റിമേററുകൾക്കാണ് അംഗീകാരം നൽകി നിർവ്വഹണം നടത്തിയിട്ടുള്ളത് ഭാവിയിൽ ഇത്തരം എസ്റ്റിമേററുകൾ നിലവിലുള്ള ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥനും പുനഃപരിശോധിക്കേണ്ടതാണ്. കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുന്നതിന് വ്യക്തമായ കാരണം വിശദമായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-5 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് വിതരണം ചെയ്തില്ല.

പ്രോജക്ട് : വികലാംഗ വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് വിതരണം

പ്രോജക്ട് നം.: S016/16 നിർവ്വഹണം-ഹെഡ്മാസ്റ്റർ

ബിൽ നം.: A1-2/30.3.16,A1-3/15-16/30.3.16 തുക: 75000+124995/- = 199995

16.11.2013ലെ ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.8 ൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയുടെ അടിക്കുറിപ്പ് (1)പ്രകാരം പ്രോജക്ടിനുള്ള ഫണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25അനുപാതത്തിൽ വഹിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത (പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽപോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 18200 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 19200രൂപയ്ക്കും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്.

2015-16 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുകയുടെ ലഘു വിവരണം താഴെ കൊടുക്കുന്നു.

| ക്ലാസ്സ് | അർഹതയുള്ള തുക(ഒരുഗുണഭോക്താവിന്) | വിതരണം ചെയ്ത തുക(ഒരുഗുണഭോക്താവിന്) | കുട്ടികളുടെ എണ്ണം | വ്യത്യാസം (ആകെ) |
|---|---|---|---|---|
| 1-4/ നഴ്സറി | [(400x12)+500]=5300 | 4000 | 16 | 20800 |

| | | | | |
|---|---|---|---|---|
| ക്ലാസ്സ് 5-8 9,10,+1,+2 വൊക്കേഷണൽ പരിശീലനം (ഹോസ്റ്റർ) | [(500x12)+600]=6600 [(600x12)+800]=8000 (1500X12)+1500=19500 | 5000 5545 5545 | 15 9 2 | 24000 22095 27910 |
| ആകെ | | | | 94805 |

സർക്കാർ ഉത്തരവിലെ നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 2015-16 വർഷത്തിൽ 94805 /- രൂപയുടെ ധനസഹായം നഷ്ടപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് വിതരണം ചെയ്യേണ്ടതാണ്. കൂടാതെ പ്രോജക്ടിനുള്ള ഫണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25അനുപാതത്തിൽ വഹിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തത് ഉചിതമായില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ ഡിസ്എബിലിററി സർട്ടിഫിക്കററിന്റെ പകർപ്പ് പഞ്ചായത്ത് സ്ഥിരം താമസക്കാരാണെന്ന് തെളിയിക്കുന്ന് രേഖ, എന്നിവ ഓഡിറ്റിന്ഹാജരാക്കിയിട്ടില്ല. ചെലവ് തുക- 199995 രൂപ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.അപാകത ചൂണ്ടിക്കാണിച്ച് ഹെഡ്മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-1/9-11-2016 ) ക്ക് മറുപടി നൽകിയിട്ടില്ല.സർക്കാർ നിർദ്ദേശിക്കുന്ന തുക ലഭ്യമാക്കുന്ന തരത്തിൽ പ്രോജക്ടിനുള്ള തുക വകയിരുത്തുന്നതിന്ന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ഡെപ്പോസിററ് വർക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം -സെക്രട്ടറി

കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി വാട്ടർ അതോറിറ്റിയിൽ ഡപ്പോസിററ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട്നം | പേര് | തുക | ബിൽനം |
|---|---|---|---|
| 156/15-16 | ഏലംകുളം മനമുക്ക് പൈപ്പ് ലൈൻ | 100000 | A2-12/15-16/23.12.15 |
| 157/15-16 | മല്ലിശ്ശിരി പൈപ്പ് ലൈൻ | 100000 | A2-13/15-16/23.12.15 |
| 158/15-16 | മിനിസ്റ്റേഡിയം പൈപ്പ് ലൈൻ | 100000 | A2-14/15-16/23.12.15 |
| 159/15-16 | മനഴിത്തൊടി പൈപ്പ് ലൈൻ | 100000 | A2-15/15-16/23.12.15 |
| 160/15-16 | ചേരിപ്പറമ്പ് പൈപ്പ് ലൈൻ | 28584 | A2-16/15-16/23.12.15 |

-----------------

ആകെ 428584

=================

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 കൺവീനർ പ്രവർത്തികൾ -ധനവിനിയോഗരേഖകളിൽ സുതാര്യതയില്ല.

| വർഷം | ആകെ പ്രവൃത്തികൾ | കൺവീനർ പ്രവൃത്തികൾ | കോൺട്രാക്ട് പ്രവൃത്തികൾ |
|---|---|---|---|
| 2015-16 | 80 | 80 | 0 |

സംസ്ഥാന ആസൂത്രണബോർഡ് 1999-ൽ പുറപ്പെടുവിച്ചിട്ടുള്ള ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ നിർവ്വഹണം നടത്താവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.

1.പൊതുമരാമത്ത ചട്ടം വകുപ്പ് 13 പ്രകാരമുള്ള ഗുണഭോക്തൃ സമിതി രൂപീകരണം നടത്തിയിരിക്കണം.പ്രസിഡന്റോ,സ്റ്റാൻഡിങ് കമ്മററി ചെയർമാനോ,മെമ്പറോ, 3 ദിവസങ്ങൾക്ക് മുമ്പ് നോട്ടീസ് രേഖാമൂലം നോട്ടീസ് നൽകി 7മുതൽ 15വരെ അംഗങ്ങളും ചെയർമാൻ ,കൺവീനർ എന്നിവരെയും തെരഞ്ഞെടുത്ത് പഞ്ചായത്ത് ഭരണസമിതിയിൽ അംഗീകാരം വാങ്ങിയിരിക്കണം. ഇത് പാലിക്കപ്പെട്ടിട്ടില്ല

2.പണമിടപാടുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങി ആയതിലൂടെ മാത്രമേ ഇടപാട് നടത്താവൂ. പ്രവൃത്തി പൂർത്തീകരിച്ചാൽ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഫയലിൽ സൂക്ഷിക്കണം .ആയത് പാലിച്ചിട്ടില്ല.

3.മസ്റ്റർ റോൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ പൂർത്തീകരിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം . ഇത് പാലിക്കപ്പെട്ടിട്ടില്ല

4.നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ അംഗീകൃത ബില്ലുകൾ ലഭ്യമാക്കണം ആയത് അസി.എഞ്ചിനീയർ വാല്യുവേഷൻ നടത്തി സാക്ഷ്യപ്പെടുത്തിയിരിക്കണം. ഇത് പാലിക്കപ്പെട്ടിട്ടില്ല.സിമൻറ് ,കമ്പി,മെററൽ എന്നിവ വാങ്ങിയതിന്ന് അംഗീകൃത ബില്ലുകൾ ഹാജരാക്കിയിട്ടില്ല

5.കൺവീനർ പ്രവൃത്തികളിൽ ആദായനികുതി ഈടാക്കി ഒടുക്കിയത് പല നിരക്കിലാണ്.

6.കൺവീനറുടെ പേരിലുള്ള പാൻകാർഡ് കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല

7.മിനിററ്സ് ബുക്കിൽ പ്രോജക്റ്റ് പൂർത്തികരിച്ച ശേഷം കണക്ക് അവതരിപ്പിച്ച് പാസ്സാക്കിയതായി കാണുന്നില്ല.

കൺവീനർ പ്രവൃത്തികളുടെ നിർവ്വഹണം സുതാര്യമാക്കുന്നതിന്ന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 റോഡ് പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് മററ് പ്രവർത്തിക്ക് ഉപയോഗിക്കുകയോ,വിനിയോഗം കാണിക്കുകയോ ചെയ്തിട്ടില്ല

1.പ്രോജക്റ്റ് -വാഴത്തേപ്പടി ആനക്കല്ല് കിഴക്കേത്ര റോഡ് (പ്രോജക്റ്റ് നം-89/16)

അടങ്കൽ -200000 (തനത് ഫണ്ട്)

ചെലവ് - 199027 ചെക്ക് നം - 480228/11.2.15 വൗച്ചർ -27(a)/15-16

കൺവീനർ-സൈതലവി എംബുക്ക് -67/15-16

2.പ്രോജക്റ്റ് -പുത്തൻ വീട്ടുപടി ആറാട്ടുപടി പാത്ത് വേ (പ്രോജക്റ്റ് നം-64/16)

അടങ്കൽ -300000 (പ്ലാൻ ഫണ്ട്) ചെലവ് - 300000

ബിൽ നം 21/15-16/30.6.16 വൗച്ചർ -21/15-16

കൺവീനർ-ശിവശങ്കരൻ എംബുക്ക് -60/15-16

ക്രമനമ്പർ (1) പ്രവൃത്തിയിൽ ഐററം (1)ആയി 813.96 m3 @2066/10m3 നിരക്കിൽ 168164/-രൂപ നൽകി ഉറപ്പുള്ള മണ്ണ് നീക്കം ചെയ്തിട്ടുണ്ട് അതേസമയത്ത് ക്രമനമ്പർ(2) പ്രവർത്തിയിൽ ഐററം (4)ആയി 103.32 m3 @2504/10m3 നിരക്കിൽ 25871/-രൂപ നൽകി ഉറപ്പുള്ള മണ്ണ് ഉപയോഗിച്ച ഫില്ലിങ് നടത്തിയിട്ടുണ്ട്ക്രമനമ്പർ (1) ൽ നീക്കം ചെയ്ത് മണ്ണ് ക്രമനമ്പർ (2)ന് ഉപയോഗിക്കാം എന്നിരിക്കേ ആയതിന്ന് നടപടി സ്വീകരിക്കുകയോ മണ്ണിൻെറ ഡിസ്പ്പോസൽ രേഖപ്പെടുത്തുകയോ ചെയ്യാത്തത് സഗൗരവം വീക്ഷിക്കേണ്ടതാണ്.

ഇതുസംബന്ധിച്ച ഓഡിററ് അന്വേഷണത്തിന് (നംമ്പർ- /15-16/ )ലഭ്യമാക്കിയ മറുപടിയിൽ ആയത് ഉപയോഗിച്ച് സമീപ പ്രദേശം ഫില്ല് ചെയ്തു എന്നാണ് .എന്നാൽ ആയത് എംബുക്കിൽ സർട്ടിഫൈ ചെയ്തിട്ടില്ല.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 തെരുവ വിളക്കുകൾ സ്ഥപിക്കൽ ഇൻസ്ററലേഷൻ സർട്ടിഫിക്ക ററ് ഹാജരാക്കണം

പ്രോജക്റ്റ് -86/15-16 അടങ്കൽ -273376/-

നിർവ്വഹണം -സെക്രട്ടറി ബിൽ നം A2-8/15-16/19.9.15/-(52 LED 45W )-273376/- രൂപ

52 LED 45W )ബൾബുകൾ സ്ഥാപിക്കുന്നതിന്ന് CREWS കണ്ണൂരിന് തുക അനുവദിച്ചതിൽ താഴേപ്പറയുന്ന

അപാകതകൾ കാണുന്നു

A.ബൾബുകൾ സ്റ്റോക്കിലെടുത്തിട്ടില്ല

B.KSEB യ്ക്ക് ഇൻസ്റ്ററലേഷൻ ചാർജ്ജ് ഒടുക്കിയിട്ടില്ല( 150/-വീതം)

C.KSEB യുടെ ഇൻസ്റ്ററലേഷൻ സർട്ടിഫിക്കററ് ഇല്ല

D.മോണിട്ടറിങ് സമിതിയുടെ റിപ്പോർട്ട് ഇല്ല

E.ഇൻസ്റ്ററലേഷൻ ചാർജ്ജ് ഇനത്തിൽ CREWS ന് തുക നൽകിയത് ക്രമപ്രകാരമല്ല.

മേൽ കാരണങ്ങളാൽ തുക തടസ്സപ്പെടുത്തുന്നു.

## 3-10 ഇലക്ട്രോണിക്ക് സാധനങ്ങൾ ,ഫർണ്ണിച്ചർ എന്നിവയ്ക്ക നമ്പറിങ് നടത്താത്തത് സംബന്ധിച്ച്

പഞ്ചായത്തിലെ കമ്പ്യൂട്ടർ അടക്കമുള്ള ഇലക്ട്രോണിക്ക് സാധനങ്ങൾ ,ഫർണ്ണിച്ചർ എന്നിവ പരിശോധിച്ചതിൽ നമ്പറിങ് നടത്താത്തതിനാൽ തിരിച്ചറിയുന്നതിന്ന് സാധ്യമല്ലാത്ത അവസ്ഥയിലാണ്. ആസ്തി രജിസ്റററിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉപകരണങ്ങൾക്കും നമ്പർ നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൻവർഷത്തിൽ പർച്ചേസ് നടത്തിയിട്ടുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും (പ്രോജക്റ്റ് നം-169/15-16) നമ്പർ നൽകിയിട്ടില്ല.

## 3-11 ആശ്രയ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച്

ആശ്രയയുടെ അക്കൗണ്ട് നം (40218100108095-KERALA GRAMIN BANK) പ്രകാരം 1.8.2016 ൽ 3220276/-രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇതിൽ താഴെപ്പറയും പ്രകാരം പ്ലാൻ ഫണ്ട് ഉൾപ്പെടുന്നുണ്ട്

2008-09 വീട് നിർമ്മാണം -500000
2009-10 വീട് നിർമ്മാണം -500000
2010-11 വീട് നിർമ്മാണം -489760
2010-11 കമ്പ്യൂട്ടർ -29284

ആകെ - 1519044(പലിശ ഉൾപ്പെടാതെ)

ചാലഞ്ച് ഫണ്ട് -978533(പലിശ ഉൾപ്പെടാതെ)

പലിശ -537026

ആകെ -3220276/രൂപ

ഈ തുക മുഴുവൻ ആദ്യ പ്രോജക്റ്റ് (2009-2012) നിർവ്വഹണത്തിനായി അനുവദിച്ചിട്ടുള്ളതാണ് .എന്നാൽ ,വീടുനിർമ്മാണം,ചലഞ്ച് ഫണ്ട് എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള പദ്ധതി തുക നാളിതുവരെയായി ചെലവഴിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്

C.D.S ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഫസ്റ്റ് പ്രോജക്റ്റിൽ ഉൾപ്പെട്ടതാണ്

ആകെ ഗുണഭോക്താക്കൾ -134

വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ -25

വീടു നിർമ്മാണം -34

കുടിവെള്ളം -26

അക്കൗണ്ടിൽ ഇത്രയും തുക ഉണ്ടായിരിക്കേ യാതൊരുവിധ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് അനുവദിക്കാത്തതും പ്ലാൻഫണ്ട് ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിർത്തിയത് ക്രമപ്രകാരമല്ല. ഇതിൽ 1500000/-രൂപ വീട്ടുനിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതമാണ് .തുക കൺസോളിഡേററ് ഫണ്ടിലേക്ക് തിരിച്ചടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 ശുചിത്വമിഷൻ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിന്റെ ശുചിത്വമിഷൻ അകൗണ്ടിൽ ഖരമാലിന്യ സംസ്കരണത്തിനായി അനുവദിച്ചിട്ടുള്ള 9 ലക്ഷത്തോളം രൂപ ചെലവഴിക്കാതെ നിലനിൽക്കുന്നുണ്ട്. ഇതിൽ ബയോഗ്യാസ് പ്ലാൻറിന് ലഭിച്ച 536400/-രൂപ (ഡി.ഡി.നം-983880/31.1.2014)യിൽ ചെലവഴിച്ചത് 315000/-രൂപ മാത്രമാണ്. പൈപ്പ്

കമ്പോസ്റ്റിന് അനുവദിച്ച തുകയും ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിർത്തിയത് ക്രമ പ്രകാരമല്ല . തുക ചെലവഴിക്കാത്ത പക്ഷം തിരിച്ചടവാക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിററ് അന്വേഷണത്തിന് (നംമ്പർ- /15-16/ )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് സംയുക്തപരിശോധന നടത്തി ക്രമീകരിക്കണം

നിർവ്വഹണം -സെക്രട്ടറി

നിലവിലുളള തെരുവു വിളക്ക് ഉപകരണങ്ങൾ(K.S.E.B യുടെ ഡിമാൻറ് നോട്ടീസ് പ്രകാരം)

സാധാരണ ബൾബ് ---114എണ്ണം

ട്യൂബ് (40W) ---52 എണ്ണം

സി.എഫ് .എൽ ---256 എണ്ണം

സി.എഫ് .എൽ (8W) ---1 എണ്ണം

സി.എഫ് .എൽ (15W) ---- 80 എണ്ണം

സോഡിയം വേപ്പർ ----14 എണ്ണം

പ്രതി വർഷം വൈദ്യുതി ചാർജ്ജ് ----12X26540=318480/-രൂപ

പഞ്ചായത്ത് പരിധിയിൽ നിലവിൽസാധാരണ ബൾബുകളുടെ എണ്ണം വളരെ കുറവാണെന്നിരിക്കേ ആയതിന്ന് ഭീമമായ തുക വൈദ്യുതി ചാർജ്ജിനത്തിൽ നൽകിവരുന്നത് ക്രമീകരിക്കാൻ സംയുക്ത പരിശോധന നടത്താൻ നടപടിസ്വീകരിക്കേണ്ടതാണ്.

## 3-14 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം-രേഖകൾ പൂർണ്ണമല്ല

എ) എസ്.സി വിദ്യർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം (പ്രോജ്ക്ട് നം-96/15-16)

ചെലവ് -252040/- ബിൽ നം- A1/15-16/30.3.16

എസ്.സി.വിദ്യാർത്ഥികൾക്ക് മേശ ,കസേര എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് പ്രകാരം 252040 രൂപ സിഡ്കോയിൽ അടവാക്കി 63 സെറ്റ് ഫർണ്ണിച്ചർ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ 3 എണ്ണം നാളിതു വരെ വിതരണംചെയ്തിട്ടില്ല. ഗുണഭോക്താക്യ ലിസ്റ്റിലെ 3 പേർ അനർഹരായത് കൊണ്ടാണ് വിതരണം ചെയ്യാതിരുന്നത്. ഗുണഭോക്താക്യ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹത പരിശോധിച്ച് ഉറപ്പു വരുത്താതെ പർച്ചേയ്സ് ചെയ്തതു കൊണ്ടാണ് 3 എണ്ണം വിതരണം ചെയ്യാൻ കഴിയാതിരുന്നത്. വിതരണം ചെയ്യാതെ അവശേഷിച്ച 3 എണ്ണം ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന്റെ വരാന്തയിൽ കൂട്ടിയിട്ടിരിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. ആയത് പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടെ അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് , വിതരണംചെയ്ത വിവരം പ്രഥമ മറുപടിയിൽ തന്നെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വിതരണം ചെയ്യാതെ അവശേഷിച്ച 3 സെറ്റ് ഫർണ്ണിച്ചറിന്റെ വില 12000 ( 3x4000) പലിശ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്ററിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. .

ബി) പദ്ധതി നടത്തിപ്പിലെ മറ്റു അപാകതകൾ :-

സബ്സിഡി മാർഗ്ഗരേഖയിൽ (GO (MS)362/2013/LSGD/16.11.13) (അനുബന്ധം -16 6.8 ഖണ്ഡിക.6.8)ൽ (1)സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്ററ് പ്രകാരമുള്ളവർക്ക് (2)സ്കൂൾ അധികൃതർ മുഖേന വിതരണംചെയ്യേണ്ടതും (3)എസ്.സി വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കററ് സഹിതം (ആനുകൂല്യം നൽകിയിട്ടില്ലെന്നുള്ളത് )അപേക്ഷിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട് .എന്നാൽ

1. പർച്ചേയ്സ് ചെയ്ത ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്യാതെ അവശേഷിക്കുന്ന ഫർണ്ണിച്ചറിന്റെയോ വിവരം അടങ്ങിയ സ്റ്റോക്ക് രജിസ്ററർ ഹെഡ്മാസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. എസ്.സി വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കററ് (ആനുകൂല്യം നൽകിയിട്ടില്ലെന്നുള്ളത് )ഹാജരാക്കിയിട്ടില്ല.
3. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്ററിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

   അപാകത ചൂണ്ടിക്കാണിച്ച് ഹെഡ്മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി - 2/9-11-2016 ന് മറുപടി നൽകിയിട്ടില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 . ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| K.W.A | ഏലംകുളം മനമുക്ക് പൈപ്പ് ലൈൻ | A2-12/15-16 /23.12.15 | 100000 | 0 | 100000 |
| K.W.A | മല്ലിശ്ശിരി പൈപ്പ് ലൈൻ | A2-13/15-16 /23.12.15 | 100000 | 0 | 100000 |
| K.W.A | മിനിസ്റ്റേഡിയം പൈപ്പ് ലൈൻ | A2-14/15-16 /23.12.15 | 100000 | 0 | 100000 |
| K.W.A | മനഴിത്തൊടി പൈപ്പ് ലൈൻ | A2-15/15-16 /23.12.15 | 100000 | 0 | 100000 |
| K.W.A. | ചേരിപ്പറമ്പ് പൈപ്പ് ലൈൻ | A2-16/15-16 /23.12.15 | 28584 | 0 | 28584 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി രൂപയിൽ 0രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭവന പദ്ധതി | GO(MS)801/ 2010/LSGD | 14490000 | 421000 | 421000 | - | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 4802/-/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1975-76 | 37(10)40c | 301 | K.V.ഗോപാലൻ | 11503103820/21.3.16 |
| 2008-09 | 3-4 | 794 | നീന,അസി.എൻജി | 115031000501/14.5.15 |
| 2008-09 | 3-4 | 979 | നീന,അസി.എൻജി | 115031000506/15.5.15 |
| 2008-09 | 3-8 | 2728 | നീന,അസി.എൻജി | 115031000503/14.5.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2-1 | 2006-07 | | മരാമത്ത് | നടപടി തുടരുന്നു |
| 2005-06 | 2-4 | 2007-08 | | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-12 | 2007-08 | | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-30 | 2007-08 | | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-31 | 2007-08 | | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2004-05 | 3-7 | 2007-08 | | തുക വിനിയോഗിച്ചില്ല | നടപടി തുടരുന്നു |
| 2005-06 | 2-14 | 2007-08 | | വിനിയോഗവിവരം ഇല്ല | നടപടി തുടരുന്നു |
| 2009-10 2010-11 | 3-15 | 2012-13 | | ദുരിതാശ്വാസനിധി | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 55516568/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42560197/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 172000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1835171 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 122000/- | അസി. എൻജിനിയർ,ശ്രീമതി. ഷൈനിബേബി |
| 3-3 | | 50000/- | ഹെഡ്മാസ്റ്റർ,ശ്രീ. സത്യനാരായണൻ.എം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 300000/- | അസി.എൻജിനിയർ,ശ്രീമതി ഷൈനിബേബി |
| 3-2 | 633216 | അസി.എൻജിനിയർ,ശ്രീമതിഷൈനിബേബി |
| 3-5 | 199995 | ഹെഡ്മാസ്ററർ,ശ്രീസത്യനാരായണൻ |
| 3-6 | 428584 | സെക്രട്ടറി,ശ്രീ.രാമൻക്കുട്ടിവാരിയർ.എം.വി |
| 3-9 | 273376 | സെക്രട്ടറി,ശ്രീ.രാമൻക്കുട്ടിവാരിയർ.എം.വി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷൈനിബേബി, അസി. എൻജിനിയർ | വാടാനപ്പള്ളിഗ്രാമപഞ്ചായത്ത്,തൃശ്ശൂർ | മഹിമ (H) കോട്ടപ്പുറം(Last) SI റോഡ്,തൃശ്ശൂർ |
| ശ്രീ.സത്യനാരായണൻ, ഹെഡ്മാസ്ററർ | ഏലംകുളം ഗ്രാമപഞ്ചായത്ത്,മലപ്പുറം | മേൽക്കാട്ടുതൊടി പുലാമന്തോൾ മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1992-95 | LFM/07/1012/9718.9.201 | 16 |
| 1995-96 | LFM-14/25/00/18.9.2010 | 16 |
| 1996-97 | LFM-14/24/00/18.9.2010 | 16 |
| 1997-98 | LFM-16/227/06/18.9.2010 | 40 |
| 1998-99 | LFM-16/232/06/18.9.2010 | 4 |
| 1999-00 | LFM-14/848/01/18.9.2010 | 8 |
| 2000-01 | LFM-16/1159/07/18.9.2010 | 10 |
| 2001-02 | LFM-16/1159/07/18.9.2010 | 2 |
| 2002-03 | LFM-16/1160/07/18.9.2010 | 5 |
| 2003-04 | LFM-16/1161/07/18.9.2010 | 23 |
| 2004-05 | LFM-16/1162/07/18.9.2010 | 8 |
| 2005-06(exp) | LFM-16/1163/07/18.9.2010 | 16 |
| 2005-06 (rpt) | LFM-16/1348/07/18.9.2010 | 28 |
| 2006-07 | LFM-16/1349/07/18.9.2010 | 18 |
| 2007-08 | LFM-11/1767/07/14.2.2012 | 16 |
| 2008-09 | LFM-11/1768/07/14.2.2012 | 11 |
| 2009-10 | LFM-11/382/13/14.2.2013 | 18 |
| 2010-11 | LFM-11/382/13/14.2.2013 | 29 |
| 2011-12<br>2012-13 | KSAMPM-11/195/15/16.9.15 | 35 |
| 2013-14<br>2014-15 | KSAMPM-11/195/15/16.9.15 | 21 |

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ANNEXURE

## ഓഡിററ് സർട്ടിഫിക്കററ്

കെ.എസ്.എ-എം.പി.എം.11/3265/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

തീയ്യതി. 22.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിൻറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാഓഡിററ് കാര്യാലയം
മലപ്പുറംജില്ല

AUDIT CERTIFICATE

KSA-MPM.............................................

Kerala State Audit Department
District Audit Office, Malappuram
PIN- 676 505 Phone: 0483 2734951
Email- dompm.ksad@kerala.gov.in
Dated .......................

Certified that I have examined the Annual Financial Statement of ELAMKULAM GRAMA PANCHAYAT in Malappuram District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of ELAMKULAM Grama Panchayat for the year 2015-16 except the observations in my audit report properly present the picture of income and expenditure

DEPUTY DIRECTOR

DISTRICTAUDITOFFICE
MALAPPURAM